വളരെ അടിയന്തിരം

" ഭരണ ഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നം.ഐ2/26367/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 31.10.2017.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – പ്ലാനിംഗ് വിഭാഗം – പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്ന ഐ.ടി.ഐ കളിലെ ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ അവാർഡ് നൽകുന്നത് – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഐ2/26367/17 നമ്പരായുള്ള 06.10.2017, 12.10.2017 തീയതികളിലെ ചുറ്ററിയിപ്പുകൾ.

*********************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നവംബർ 9-ന് നാഷണൽ എന്റർപ്രണർഷിപ്പ് ഡേ ആയി ആചരിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ ട്രെയിനികളുടെ ഇടയിൽ പുതിയ കണ്ടു പിടിത്തങ്ങൾ നടത്തുന്ന ട്രെയിനികൾക്ക് സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതുമായി ബന്ധപ്പെട്ട് 'ബെസ്റ്റ് ഇന്നവേഷൻ അവാർഡ്' നൽകുന്നതിലേക്കായി വിവിധ സമയക്രമങ്ങൾ സൂചന പ്രകാരം അറിയിച്ചിരുന്നു.

കണ്ടുപിടിത്തങ്ങളുടെ വിലയിരുത്തലുകൾ ജില്ലാതലത്തിൽ 30.10.2017-നും, മേഖലാ തലത്തിൽ 05.11.2017-നും, സംസ്ഥാന തലത്തിൽ 06.11.2017-നുമാണ് നടത്താനായി നിശ്ചയിച്ചിട്ടുള്ളത്.

ജില്ലാ തലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കണ്ടുപിടിത്തങ്ങൾ നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിൽ മാത്രമേ മേഖലാതല കമ്മിറ്റി സംസ്ഥാന തലത്തിലേയ്ക്ക് തെരഞ്ഞെടുക്കാൻ പാടുള്ളൂ. നൂതനവും പുതിയതല്ലാത്തതുമായ കണ്ടു പിടിത്തങ്ങൾ മേഖലാതല കമ്മറ്റി നിരസിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ മേഖലാതല കമ്മറ്റി ചെയർമാൻമാരായ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ നിർവ്വഹിക്കേണ്ടതാണ്.

ടി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കുന്ന കണ്ടുപിടിത്തങ്ങൾ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ സംസ്ഥാനതല കമ്മറ്റിക്ക് കൈമാറേണ്ടതാണ്.

സംസ്ഥാനതലത്തിലേക്ക് തെരെഞ്ഞെടുക്കുന്ന കണ്ടുപിടിത്തങ്ങൾ വിലയിരുത്തുന്നതിലേയ്ക്കായി കണ്ടുപിടിത്തങ്ങൾ നടത്തുന്ന ട്രെയിനികൾ കണ്ടുപിടിത്തത്തിന്റെ വർക്കിംഗ് മോഡൽ, കണ്ടുപിടിത്തത്തിന്റെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് എന്നിവ സംസ്ഥാനതല കമ്മറ്റിയ്ക്ക് മുൻപാകെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി കണ്ടുപിടിത്തങ്ങളുടെ പ്രസന്റേഷനും, ഡെമോൺസ്ട്രേഷനും ടി ട്രെയിനികൾ നടത്തേണ്ടതുമാണ്.

പ്രസ്തുത വിവരം സംസ്ഥാനതലത്തിലേയ്ക്ക് തെരെഞ്ഞെടുക്കുന്ന കണ്ടുപിടിത്തങ്ങൾ നടത്തുന്ന ട്രെയിനികൾ പഠിക്കുന്ന സ്ഥാപനമേധാവികൾ ബന്ധപ്പെട്ട ട്രെയിനികളെ അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും
എല്ലാ ഗവ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ് :- വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

എൽ..01..11..2017